I/63456/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക.ജി. I A S)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിന് 2022-23 വർഷത്തെ ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(സാ.ധാ) നം. 431/2022/വ.ശി.വി.വ തീയതി: 24/09/2022
2. ബഹു. വനിതാ ശിശു വികസന ഡയറക്ടർ അന്വേഷി പ്രസിഡന്റുമായി 15/10/2022 ൽ ഒപ്പ് വച്ച ധാരണാ പത്രം

**<u>ഉത്തരവ് നം.DWCD/1507/2022-WEC2 തീയതി: 25-10-2022</u>**

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക എന്നീ ലക്ഷ്യങ്ങളോടെ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് അന്വേഷി വുമൺ കൗൺസിലിംഗ് സെന്റർ. ടി സംഘടനയ്ക്ക് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2022-23 വർഷം 2235-02-103-64(NP) ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2235-02-103-64(NP) ശീർഷകത്തിൽ അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിന് ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 25,00,000/- രൂപയും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം(1) പ്രകാരം ലഭ്യമായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം(1) ഉത്തരവിനും, പരാമർശം(2) MOU വിലെ വ്യവസ്ഥകൾക്കും വിധേയമായി പരാമർശം(1) പ്രകാരം ഭരണാനുമതി ലഭ്യമായ 25 ലക്ഷം രൂപയിൽ നിന്നും അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിന് ഒന്നാം ഗഡുവായി 12 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മേൽനോട്ട ചുമതല കോഴിക്കോട് ജില്ലാ വനിതാ ശിശുവികസന ഓഫീസർ വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 12,00,000/- രൂപ (പന്ത്രണ്ട് ലക്ഷം രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-64(NP) ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ ശിശു വികസന ഓഫീസർ മാറി അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിന്റെ നെല്ലിക്കോട് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ നെല്ലിക്കോട് ശാഖയിലെ അക്കൗണ്ട് നമ്പർ ലേയ്ക്ക് 441802010208340(IFS Code UBIN0544183) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ് .

തുക അനുവദിച്ചശേഷം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കോഴിക്കോട് ജില്ലാ വനിത ശിശു വികസന ഓഫീസർ അന്വേഷിക്കേണ്ടതും സർക്കാർ ഉത്തരവുകൾക്കും M O U വിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണോ ഫണ്ട് ചെലവഴിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ ഫോറം 44 പ്രകാരം), ചെലവ് വിവര പട്ടിക എന്നിവ ജില്ലാ വനിതാ ശിശു വികസന ഓഫീസർ അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
കോഴിക്കോട്

I/63456/2022

പകർപ്പ് :

1. പ്രസിഡന്റ്. അന്വേഷി വുമൺ കൗൺസിലിംഗ് സെന്റർ
2. സൂപ്രണ്ട്. അക്കൗണ്ട് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ സ്പെയർ